# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2082 26.03.2013 ൽ മറുപടിക്ക്

## റോഡ് വാഹന സുരക്ഷാ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി:<br>" ഷാഫി പറമ്പിൽ:<br>" എ.പി അബ്ദുള്ളക്കുട്ടി:<br>" ഐ.സി. ബാലകൃഷ്ണൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡ് വാഹന സുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) | ഐക്യരാഷ്ട്ര സഭയുടെ നിർദ്ദേശ പ്രകാരം റോഡ് സുരക്ഷയ്ക്കായി ഒരു ദശകം (2011-2020) എന്ന ഒരു കർമ്മ പദ്ധതി ആസൂത്രണം ചെയ്ത്, കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിക്കുകയും, കേരള റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ച ഫണ്ടുപയോഗിച്ച് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടത്തി വരുകയും ചെയ്യുന്നു. റോഡപകടങ്ങളുടെ എണ്ണവും മരണനിരക്കും കുറയ്ക്കുക, സുരക്ഷിതത്വത്തിലൂന്നിയ ഒരു റോഡുപയോഗ സംസ്കാരം വളർത്തുക എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; | (സി) | കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെയാണ് പ്രസ്തുത പരിപാടി നടപ്പാക്കി വരുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ഡി) | പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. പ്രീ ഡ്രൈവേഴ്സ് പരിശീലനത്തിനായുള്ള പുസ്തകങ്ങൾ, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാരുടെ പരിശീലനത്തിനായുള്ള പുസ്തകം, വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമുള്ള പുസ്തകം, പോസ്റ്ററുകൾ, ലീഫ്ലെറ്റുകൾ, നോട്ടീസുകൾ മുതലായവയും അച്ചടിച്ച് വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ